## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2103</u> <u>11/02/2020-ൽ മറുപടിക്ക്</u>

### <u>അപൂർവ്വരോഗങ്ങൾ ബാധിച്ച കുട്ടികളുടെ ചികിത്സയ്ക്ക് ഫണ്ട്</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അൻവർ സാദത്ത്** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| എ) | അപൂർവ്വരോഗങ്ങൾ ബാധിച്ച് നിർദ്ധനരായവരുടെയും ഇത്തരം രോഗം പിടിപെടുന്ന കുട്ടികളുടെയും ചികിത്സയ്ക്കായുള്ള ഫണ്ടിലേക്ക് പൊതുജനങ്ങളിൽ നിന്നും തുക സമാഹരിക്കുന്നുണ്ടോ; വിശദമാക്കുമോ; | എ) | അപൂർവ്വ ജനിതക രോഗങ്ങൾ ബാധിച്ച കുട്ടികളുടെ ചികിത്സയ്ക്കായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിൽ തുടങ്ങിയ **39229924684** SBI യുടെ അക്കൗണ്ടിലേക്ക് പൊതു ജനങ്ങളിൽ നിന്നും, സർക്കാരിന്റെ ഉടമസ്ഥതയിൽ ഉള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും തുക സമാഹരിക്കുന്നുണ്ട്. |
| ബി) | ഇതിനകം എന്തുതുകയാണ് ഈ പദ്ധതിയിലേക്ക് സമാഹരിച്ചത്; | ബി) | കേന്ദ്രത്തിൽ നിന്നും ഒരു കോടി അൻപത് ലക്ഷം രൂപ പ്രസ്തുത അക്കൗണ്ടിൽ ലഭിച്ചിട്ടുണ്ട്. കൂടാതെ കേരള ഹൈക്കോടതി സ്റ്റാഫ് അസോസിയേഷൻ സംഭാവന 5 ലക്ഷം രൂപയും സർക്കാരിന്റെ ഉത്തരവ് G.O(Rt) 3001/2018/H&FWD തീയതി 29/9/2018 വഴിയായി കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ നൽകിയ 50 ലക്ഷം രൂപയും കേരള ജുഡീഷ്യൽ സ്റ്റാഫ് അസോസിയേഷന്റെ സംഭാവനയായി 6.5 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. |
| സി) | ഇതിലേയ്ക്കായി കേന്ദ്രവിഹിതമായി എന്തെങ്കിലും തുക ലഭ്യമായിട്ടുണ്ടോ, ഉണ്ടെങ്കിൽ എത്ര? | സി) | കേന്ദ്ര സർക്കാരിന്റെ 13/02/2020 ലെ W-11037/3/2020-Grants (RD) നമ്പർ കത്ത് പ്രകാരം അപൂർവ്വ രോഗങ്ങൾ ബാധിച്ചവർക്കായി Umbrella Scheme of Rashtriya Arogya Nidhi പ്രകാരം 2019-20 വർഷം ഒരു കോടി അൻപത് ലക്ഷം രൂപ അനുവദിച്ചതായി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ